# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 662 — 07-01-2014-ൽ മറുപടിക്ക്.

### എമർജിംഗ് കേരള മീറ്റിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. പി.തിലോത്തമൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) 2012 - സെപ്തംബർ മാസത്തിൽ നടന്ന എമർജിംഗ് കേരളയിൽ ആകെ എത്ര പദ്ധതികളാണ് അവതരിപ്പിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) 2012 സെപ്റ്റബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള നിക്ഷേപ സംഗമത്തിൽ വിവിധ വകുപ്പുകളിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. |
| (ബി) എമർജിംഗ് കേരളയിൽ എത്ര ധാരണാപത്രം ഒപ്പിട്ടു; ഓരോന്നിന്റെയും പണി ആരംഭിച്ചത് എപ്പോൾ; ഇതുവരെയായി നടത്തിയ നിക്ഷേപം എത്രയാണ്; | (ബി) താഴെ പറയുന്ന രണ്ടു പദ്ധതികൾക്കാണ് ധാരാണാപത്രം ഒപ്പു വച്ചത്.<br>1) Capacity Expansion of Refinery Plant (₹ 12,000/- crores) and setting up of Petrochemical plant at Kochi by BPCL (₹ 6,000/- crores).<br>2) To implement Advanced Diploma course in Automotive Mechatronics (ADAM) Course at Government Engineering College, Barton Hill, Thiruvananthapuram (1.5 കോടി രൂപ 2012 സെപ്റ്റംബർ 12-ാം തീയതി ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി)<br><br>ഇതിൽ ബി.പി.സി.എൽ. പദ്ധതിയുടെ ശിലാസ്ഥാപനം 2013 ജനുവരിയിൽ പ്രധാന മന്ത്രി നിർവ്വഹിക്കുകയുണ്ടായി. പദ്ധതി യുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിയ്ക്കുന്നു.<br><br>ആട്ടോമോട്ടീവ് മെക്കാട്രോണിക്സിന്റെ ധാരണാപത്രം 2012 സെപ്റ്റംബർ 12നാണ് ഒപ്പുവച്ചത്. പ്രസ്തുത കോഴ്സിന്റെ അധ്യാപക പരിശീലനം പൂർത്തിയായി. 2014 |

ജനുവരി അവസാന ആഴ്ച്ചയോടെ ഔദ്യോഗിക ഉൽഘാടനംനടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഇവയെല്ലാം പൂർത്തീകരിക്കുമ്പോഴേയ്ക്കും ഏകദേശം 18,000/ കോടിയിൽപരം രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു.

(സി) എമർജിംഗ് കേരള മീറ്റിന് ആകെ എത്ര കോടി രൂപയാണ് ചെലവായത്; വ്യക്തമാക്കാമോ;

(സി ഈ മീറ്റിന്റെ നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി., ഇതുമായി ബന്ധപ്പെട്ടു നടത്തിയ വിവിധ പ്രവർത്തനങ്ങൾക്കായി ആകെ 17.52 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ